(ഡി) വർഷം 2004-05.

ആറന്മുള	1. ആറാട്ടുപുഴ വള്ളക്കടവ്	2,60,000
,,	2. കുന്തേടത്തു കടവ്	1,02,000
,,	3. നാറാണത്തു കടവ്	6,20,000
,,	4. മാലക്കരവള്ളക്കടവ്	1,70,000
,,	5. പഞ്ചായത്തു കടവ്	55,000
തോട്ടപ്പുഴശ്ശേരി	6. പാറപ്പുഴക്കടവ്	1,70,000
,,	7. സത്രക്കടവ്	1,70,000
,,	8. കിഴവറക്കടവ്	1,70,000
,,	9. ചെറുവള്ളിക്കടവ്	1,70,000
,,	10. പറനപുഴക്കടവ്	1,70,000
,,	11. സന്തോഷ് കടവ്	1,70,000
,,	12. കുടുന്തമുഴിക്കടവ്	1,70,000
,,	13. നെടുംപ്രയാർക്കടവ്	1,70,000
,,	14. തുണ്ടിയിൽക്കടവ്	1,70,000
,,	15. മുളവൂർക്കടവ്	1,70,000
നാറാണത്തുമുഴി	16. കീപ്പനാൽക്കടവ്	66,000
,,	17. കരിമീനാത്തപ്പടി	2,00,000
,,	18. തോണിക്കടവ്	10,000
,,	19. എണ്ണയ്ക്കാപടി	45,000
,,	20. തോണിക്കടവ്	51,000
	ആകെ	33,34,000

മുൻ ജന്മി പെൻഷൻ

148 [1087] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻജന്മി പെൻഷൻ സർക്കാർ അവസാനമായി എന്നാണ് വർദ്ധിപ്പിച്ചത് ;

(ബി) വർദ്ധിപ്പിച്ച പെൻഷൻ തുക ഇപ്പോൾ നൽകുന്നുണ്ടോ ;

(സി) എത്ര മാസത്തെ പെൻഷൻ കുടിശ്ശികയാണ് മുൻ ജന്മി പെൻഷൻകാർക്ക് നൽകാനുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പെൻഷൻ കുടിശ്ശിക നൽകാതിരിക്കാൻ കാരണമെന്ത് ;

(ഇ) ഇപ്പോൾ കുടിശ്ശികയായിട്ടുള്ള പെൻഷൻ നൽകാൻ എത്ര ലക്ഷം രൂപ വേണമെന്ന് പറയാമോ ;

(എഫ്) കുടിശ്ശിക പെൻഷൻ എന്നത്തേക്ക്, നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 17-11-2003-ലെ ജി.ഒ. (എം.എസ്.) 363/03/ആർ.ഡി. നമ്പർ ഉത്തരവിലൂടെയാണ് സർക്കാർ അവസാനമായി 300 രൂപയിൽ നിന്നും 500 രൂപയായി മുൻ ജന്മി പെൻഷൻ വർദ്ധിപ്പിച്ചത്.

(ബി) നൽകുന്നുണ്ട്.

(സി) മുൻ ജന്മി പെൻഷൻകാർക്ക് ഫെബ്രുവരി മാസം ഉൾപ്പെടെ വിവിധ താലൂക്കുകളിലായി ചുരുങ്ങിയത് ഒരു മാസം മുതൽ കൂടിയത് 16 മാസം വരെയുള്ള കുടിശ്ശികയാണ് നൽകാനുള്ളത്.

(ഡി) ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചതിനാലുണ്ടായ ഫണ്ടിന്റെ അഭാവമാണ് പെൻഷൻ കുടിശ്ശിക നൽകാതിരിക്കാൻ കാരണം.

(ഇ) ഇപ്പോൾ കുടിശ്ശികയായിട്ടുള്ള പെൻഷൻ നൽകാൻ 11,18,000 രൂപ വേണം.

(എഫ്) 2006-2007 സാമ്പത്തിക വർഷത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി തുക നൽകാൻ കഴിയും.

റിവർമാനേജ്മെന്റ് ഫണ്ടിന്റെ ഉപയോഗം

149 [1088] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണ നിയമവും നടപ്പിലാക്കിയതിനുശേഷം കേരളത്തിലെ നദികളുടെ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) റിവർമാനേജ്മെന്റ് ഫണ്ട് ഇപ്പോൾ എന്തെല്ലാം കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നത് ; ഈ ഫണ്ടിന്റെ ചുമതല ഏതു വകുപ്പിനാണ് ;

(സി) ഈ ഫണ്ടിൽ ഇപ്പോൾ എന്തു തുക ബാക്കിയുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നദികളിൽ നിന്ന് മണൽവാരൽ ക്രമീകരിക്കുന്നതിനും അനധികൃത മണൽവാരുന്നത് തടയുന്നതിനും നദീതീര സംരക്ഷണ പദ്ധതികൾ നടപ്പാക്കുന്നതിനും കൂടാതെ 2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും

LIBRARY ARCHIVES Kerala Legislative Assembly